**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 104** **10-06-2021 - ൽ മറുപടിയ്ക്ക്**

**ടൂറിസം മേഖല നേരിടുന്ന പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം,<br>ശ്രീ വി ജോയി,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. എൻ.കെ. അക്ബർ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനം നേരിട്ട മഹാപ്രളയവും ഇപ്പോഴും നേരിട്ടുകൊണ്ടിരിക്കുന്ന കോവിഡ് മഹാമാരിയും വിനോദസഞ്ചാര മേഖലയെ എപ്രകാരമെല്ലാം പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനം നേരിട്ട മഹാപ്രളയവും കോവിഡ് മഹാമാരിയും വിനോദസഞ്ചാര മേഖലയെ ഏറെ പ്രതികൂലമായി തന്നെ ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന് ഏറെ വിദേശനാണ്യം നേടിത്തരുന്ന ടൂറിസം വ്യവസായം കഴിഞ്ഞ രണ്ടു വർഷത്തിലേറെയായി ഏറെ പ്രതിസന്ധികളിലൂടെയാണ് കടന്നുപോകുന്നത്. വിനോദസഞ്ചാര വിപണന രംഗത്തെ സ്ഥാപനങ്ങളെല്ലാം ഏതാണ്ട് അടഞ്ഞു കിടക്കുകയാണ്. ഹൗസ് ബോട്ട് മേഖല സഞ്ചാരികൾ ഇല്ലാത്തതുമൂലം ഏറെ പ്രതിസന്ധിയിലാണ്. ഹോട്ടൽ, റസ്റ്റോറന്റ്, ഹോംസ്റ്റേകൾ, സർവ്വീസ്ഡ് വില്ലകൾ, ആയുർവേദ കേന്ദ്രങ്ങൾ എന്നിവയും വൻനഷ്ടത്തിലേക്ക് കൂപ്പുകുത്തിയിരിക്കുന്നു. ഈ മേഖലയിലെ വരുമാന നഷ്ടം മൂലം തൊഴിലാളികൾ ഏറെ ബുദ്ധിമുട്ടിലാണ്. അന്തർദേശീയ സഞ്ചാരികളുടെ വരവ് നിലച്ചതുമൂലം ടൂർ കമ്പനികളും ഏറെ നഷ്ടം സഹിക്കുന്നു. പ്രളയം സൃഷ്ടിച്ച ആഘാതത്തിൽ നിന്നും 2019-20 വർഷത്തിൽ മെച്ചപ്പെട്ടുവന്ന സംസ്ഥാനത്തെ ടൂറിസം രംഗം കോവിഡ് മഹാമാരിയെ തുടർന്ന് വൻ പ്രതിസന്ധിയിലായിരിക്കുന്നു. ഈ രംഗത്തെ നിക്ഷേപകരെയും തൊഴിലാളികളെയും ഏറെ ആശങ്കയിലാഴ്ത്തുന്ന രീതിയിലാണ് കോവിഡ് രണ്ടാം തരംഗം കടന്നു പോയിക്കൊണ്ടിരിക്കുന്നത്. |
| (ബി) | ടൂറിസം മേഖല നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | ടൂറിസം മേഖല നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ വിപുലമായ ഇടപെടൽ തന്നെ നടത്തിക്കഴിഞ്ഞു. 2020-ൽ ആരംഭിച്ച കോവിഡ് ഒന്നാം തരംഗത്തെ തുടർന്ന് ഏറെക്കുറെ നിശ്ചലമായ വിനോദസഞ്ചാര രംഗത്തിന് ഉണർവേകാൻ സർക്കാരിന് കഴിഞ്ഞു. |

കോവിഡ് ഒന്നാം തരംഗം കുറഞ്ഞപ്പോൾ 2020 ഒക്ടോബറോടെ സംസ്ഥാനത്തെ ബീച്ച്, കായൽ, ഹിൽ സ്റ്റേഷൻ, പാർക്കുകൾ, ഹൗസ്ബോട്ടുകൾ ഉൾപ്പെടെയുള്ളവ തുറന്നു നൽകിയിരുന്നു. സംസ്ഥാനതല ബാങ്കേഴ്സ് സമിതി വഴി ടൂറിസം രംഗത്തെ നിക്ഷേപകർക്കും കേരള ബാങ്ക് വഴി തൊഴിലാളികൾക്കും മുഖ്യമന്ത്രിയുടെ വായ്പാ പദ്ധതി ഏർപ്പെടുത്തി. മാത്രമല്ല, ഹൗസ്ബോട്ട് ഉടമകൾ, ടൂറിസം ഗൈഡുമാർ എന്നിവർക്ക് ലഭ്യമാക്കിയ ഒറ്റത്തവണ സമാശ്വാസ ധനസഹായ പദ്ധതിയും നിരവധി പേർക്ക് പ്രയോജനപ്പെട്ടിരുന്നു. ഇതിനു പുറമെ ടൂറിസം രംഗത്തെ വിവിധ സംരംഭങ്ങളായ ഹോംസ്റ്റേ, സർവ്വീസ്ഡ് വില്ല, ആയുർവേദ സെന്റർ, റസ്റ്റോറന്റുകൾ, ടൂർ ഓപ്പറേറ്റേഴ്സ് എന്നിവ ഉൾപ്പെടെയുള്ള യൂണിറ്റുകൾക്ക് അവയുടെ ക്ലാസിഫിക്കേഷൻ കാലാവധി തീരുന്ന മുറയ്ക്ക് 2020 ഡിസംബർ 31 വരെ ദീർഘിപ്പിച്ചു നൽകിയിരുന്നു. ഇതിനു പുറമെ ഹോംസ്റ്റേ സംരംഭകരെ കൊമേഴ്സ്യൽ കാറ്റഗറിയിൽ നിന്ന് മാറ്റി റസിഡൻഷ്യൽ കാറ്റഗറിയിൽ ഉൾപ്പെടുത്തി. വിനോദസഞ്ചാരമേഖലയിലെ സ്ഥാപനങ്ങൾക്ക് വൈദ്യുതി ഫിക്സഡ് ചാർജ് മൂന്ന് മാസത്തേയ്ക്ക് ഇളവ് നൽകുകയും ബാക്കി തുക അടക്കുന്നതിന് സാവകാശം നൽകുകയും ചെയ്തു. ഡി.റ്റി.പി.സി.യുടെ സ്ഥാപനങ്ങൾ പാട്ടത്തിന് എടുത്തവർക്ക് അടഞ്ഞു കിടന്ന കാലയളവിൽ പാട്ടത്തുക ഒഴിവാക്കി നൽകി. ഒന്നാം തരംഗം ഉണ്ടാക്കിയ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനായി സർക്കാർ നടപ്പാക്കിയ സ്കീമുകളുടെ ചുവടുപിടിച്ച് തുടർന്നും ഇത്തരം പാക്കേജുകൾ നടപ്പാക്കി പ്രതിസന്ധി പരിഹരിക്കാനാകും എന്ന് കരുതുന്നു. ടൂറിസം മേഖലയിലെ ജീവനക്കാരെ കോവിഡ് മുന്നണിപ്പോരാളികളായി കണക്കാക്കി മുൻഗണനാക്രമത്തിൽ അവർക്ക് വാക്സിനേഷൻ ലഭ്യമാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഹോട്ടൽ, റിസോർട്ട്, റസ്റ്റോറന്റ് ജീവനക്കാർക്ക് ഇതിനോടകം വാക്സിനേഷൻ നൽകി തുടങ്ങിയിട്ടുണ്ട്. ഇപ്പോൾ ഉണ്ടായിട്ടുള്ള ദുർഘട സാഹചര്യം എങ്ങനെ മറികടക്കും എന്നതിനെ കുറിച്ചാലോചിക്കുവാനായി ടൂറിസം രംഗത്തെ 18 സംഘടനകളുമായി 2021 മെയ് മാസം 27-ന് സർക്കാർ ചർച്ച നടത്തിയിരുന്നു. ടൂറിസം രംഗത്തെ സംരംഭകർക്കും തൊഴിലാളികൾക്കുമായി ക്ഷേമപദ്ധതികൾ നടപ്പാക്കാൻ 2020-21 ലെ പുതുക്കിയ ബജറ്റിൽ 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനായുള്ള പാക്കേജ്

| | | | |
|---|---|---|---|
| | | | തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. ടൂറിസം സംരംഭകർക്ക് പലിശയിളവോടെ കെ.എഫ്.സി വഴി വായ്പ ലഭ്യമാക്കുവാനായി നടപടി സ്വീകരിക്കുന്നു. കോവിഡാനന്തരം ടൂറിസം പ്രചാരണത്തിനായി 50 കോടി രൂപ അധികമായി വകയിരുത്തിയിട്ടുണ്ട്. |
| (സി) | ടൂറിസം കേന്ദ്രങ്ങളിൽ വർദ്ധിച്ചുവരുന്ന പ്ലാസ്റ്റിക് മാലിന്യം ഒഴിവാക്കുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതി തയ്യാറാക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ? | (സി) | ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട ശുചിത്വം ഉറപ്പുവരുത്തുന്നതിനായി വിവിധ പദ്ധതികൾ വകുപ്പ് കൈക്കൊണ്ട് വരുന്നു. പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ കോവളത്ത് ഇക്കോ പ്രിസർവ് എന്ന സർക്കാരിതര സംഘടന മുഖേനയും കേരളത്തിലെ മറ്റു പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മാലിന്യ നീക്കത്തിനായി കുടുംബശ്രീ മിഷൻ മുഖേന 'ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ' പദ്ധതിയും, ഇടുക്കി ജില്ലയിൽ എക്സ് സർവ്വീസ് മെൻ ട്രസ്റ്റ് മുഖേനയും വകുപ്പ് നേരിട്ട് തന്നെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മാലിന്യം നീക്കി ശുചിയായി സംരക്ഷിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. തെരഞ്ഞെടുക്കപ്പെട്ട 79 ടൂറിസം കേന്ദ്രങ്ങളിലെ മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ച നൂതന പദ്ധതിയാണ് "വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട് അറ്റ് 79 ഡെസ്റ്റിനേഷൻ (2019-20)". ഉത്തരവാദിത്ത ടൂറിസം മിഷന്റെ പാരിസ്ഥിതിക ഉത്തരവാദിത്തത്തിന്റെ ഭാഗമായി കെ.ടി.എം. ഫൗണ്ടേഷനുമായി ചേർന്ന് 'ക്ലീൻ കേരള ഇനീഷ്യേറ്റീവ്' പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ